**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 405** **14-03-2023 - ൽ മറുപടിയ്ക്ക്**

**ഇന്ധന വില വർദ്ധനവ് മൂലം പ്രയാസം അനുഭവിക്കുന്ന ഓട്ടോറിക്ഷ, ടാക്സി ഡ്രൈവർമാരെ സഹായിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ ,<br>ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഇന്ധന വില വർദ്ധനവ് മൂലം പ്രയാസം അനുഭവിക്കുന്ന ഓട്ടോറിക്ഷ, ടാക്സി ഡ്രൈവർമാരെ സഹായിക്കുന്നതിന് ഈ സർക്കാർ എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; | (എ) | **ഇന്ധന വില വർദ്ധനവ് മൂലം പ്രയാസം അനുഭവിക്കുന്ന ഓട്ടോറിക്ഷ, ടാക്സി ഡ്രൈവർമാരെ സഹായിക്കുന്നതിന് പ്രത്യേക പദ്ധതികളൊന്നും തയ്യാറാക്കിയിട്ടില്ല.** |
| (ബി) | സംസ്ഥാന ബജറ്റിൽ പെട്രോളിനും ഡീസലിനും രണ്ട് രൂപ സെസ് ഏർപ്പെടുത്തിയത് ഓട്ടോറിക്ഷ, ടാക്സി ഡ്രൈവർമാരെ എപ്രകാരം ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | **2023-24 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ചതനുസരിച്ച് സാമൂഹ്യ സുരക്ഷാ സീഡ് ഫണ്ടിലേക്ക് വകയിരുത്തുന്നതിന് വേണ്ടിയാണ് പെട്രോൾ, ഡീസൽ എന്നിവയ്ക്ക് ലിറ്ററിന് രണ്ടു രൂപ നിരക്കിൽ സാമൂഹ്യ സുരക്ഷാ സെസ്സ് ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുള്ളത്. ടി തീരുമാനത്തിന്റെ ഗുണഫലങ്ങളുമായി താരതമ്യം ചെയ്താൽ വർദ്ധനവ് നാമമാത്രമാണെന്നു കാണാവുന്നതാണ്. ഇത്തരത്തിൽ ശേഖരിക്കുന്ന തുക സമൂഹത്തിന് പ്രയോജനപ്രദമായ രീതിയിൽ വിതരണം ചെയ്യുന്നതിനാൽ സെസ് ഏർപ്പെടുത്തിയത് ഓട്ടോറിക്ഷാ, ടാക്സി ഡ്രൈവർമാരെ വലിയരീതിയിൽ ബാധിക്കാനിടയില്ല.** |
| (സി) | ഇന്ധന വില കുതിച്ചുയരുന്ന സാഹചര്യത്തിൽ പെട്രോൾ, ഡീസൽ വാഹനങ്ങൾക്ക് പകരം ഇലക്ട്രിക് വാഹനങ്ങൾ വാങ്ങുന്നതിന് എന്തെല്ലാം സഹായങ്ങളാണ് ഓട്ടോറിക്ഷ, ടാക്സി തൊഴിലാളികൾക്കായി അനുവദിച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) | ഇലക്ട്രിക് വാഹനങ്ങളുടെ വാങ്ങൽ, ഉപയോഗം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1. ഇലക്ട്രിക് വാഹനങ്ങൾക്ക് നിലവിൽ വാഹന വിലയുടെ 5% മാത്രമാണ് റോഡ് ടാക്സ് ഇനത്തിൽ ഈടാക്കുന്നത്.<br>2. പുതുതായി രജിസ്റ്റർ ചെയ്യപ്പെടുന്ന ഇ-ഓട്ടോ റിക്ഷകൾക്ക് ആദ്യത്തെ അഞ്ച് വർഷത്തെ റോഡ് ടാക്സ് ഒഴിവാക്കി നൽകിയിട്ടുണ്ട്.<br>3. ഇലക്ട്രിക് മോട്ടോർ സൈക്കിൾ, ഇലക്ട്രിക് കാർ, സ്വന്തം ആവശ്യത്തിന് |

| | | | |
|---|---|---|---|
| | | | ഉപയോഗിക്കുന്ന ഓട്ടോ റിക്ഷാകൾ, സ്വന്തം ആവശ്യത്തിനുള്ള പ്രൈവറ്റ് സർവ്വീസ് വാഹനങ്ങൾ എന്നിവയ്ക്ക് ആദ്യത്തെ അഞ്ച് വർഷത്തെ ടാക്സിന്റെ 50% ഒഴിവാക്കി നൽകിയിട്ടുണ്ട്.<br>4. പുതുതായി രജിസ്റ്റർ ചെയ്യപ്പെടുന്ന ഇലക്ട്രിക് ഓട്ടോ റിക്ഷാകളുടെ ഉടമകൾക്ക് 30,000/- രൂപ വരെ സബ്‌സിഡി അനുവദിച്ച് നൽകിവരുന്നു.<br>5. അനെർട്ട്, കെ.എസ്.ഇ.ബി., കെ.എസ്.ആർ.ടി.സി. തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളുമായി ചേർന്ന് പൊതുജനങ്ങളുടെ ഉപഭോഗത്തിന് ഇലക്ട്രിക് വെഹിക്കിൾ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ